# വർഗ്ഗസമരങ്ങളും പാർശ്വവൽക്യതരും

ഡോ. ടി.ടി. ശ്രീകുമാർ

**കേരളത്തിലെ (ലോകത്തേയും) സമരങ്ങളും രാഷ്ട്രീയവും ആഴമേറിയ ചില പ്രതിസന്ധികളെ നേരിടുകയാണ്. പൊതുസമൂഹത്തിൽ ഇടപെടുന്ന ബദൽ/നവസാമൂഹ്യ പ്രസ്ഥാനങ്ങളും രാഷ്ട്രീയ പാർട്ടികളും തിരിച്ചറിയേണ്ട, മറികടക്കേണ്ട വെല്ലുവിളികൾ. പ്ലാച്ചിമട സമരം/പ്രശ്നം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഇടതുപക്ഷം പൊതുവായും സി.പി.ഐ.(എം) പ്രത്യേകിച്ചും നേരിടുന്ന രീതികളെ വിലയിരുത്താൻ സഹായകരമായ ഒരു വിശകലന കുറിപ്പാണിത്. പ്രതികരണങ്ങൾ എഴുതുമല്ലോ.**

കേരളത്തിലെ സിവിൽ സമൂഹാധിഷ്ഠിതമായ സമരസംഘങ്ങളും കൂട്ടായ്മകളും ആഴമേറിയ ചില പ്രതിസന്ധികളെ നേരിടുകയാണ്. ചരിത്രപരവും പ്രായോഗികവും സൈദ്ധാന്തികവുമായ കനത്ത വെല്ലുവിളികളുടെ തീക്കാലം നമ്മെ ചുട്ടുപൊള്ളിയ്ക്കുകയാണെന്നു പറയാം. വിജയം/പരാജയം എന്ന ലളിതദ്വന്ദ്വത്തിൽ പിടിച്ചെടുക്കാനാവാത്ത സന്ദിഗ്ദ്ധതകളും സങ്കീർണ്ണതകളുമാണ് മുന്നേറ്റങ്ങളിലും പിന്നോട്ടടികളിലും സിവിൽ സമൂഹത്തിന്റെ സമരസന്നാഹങ്ങളെ കാത്തിരിക്കുന്നത് എന്നുമാത്രം പറഞ്ഞതുകൊണ്ട് ഈ സ്ഥിതിവിശേഷത്തിന്റെ മുഴുവൻ മാനങ്ങളും സുവ്യക്തമാകുന്നില്ല. പ്രാദേശിക സമരങ്ങൾ മുതൽ ആഗോളമാനങ്ങളുള്ള സമരങ്ങൾ വരെ സിവിൽ സമൂഹസംഘങ്ങളെ സംബന്ധിച്ചിടത്തോളം കർക്കശമായ പരീക്ഷണങ്ങളുടെ തീക്ഷ്ണാനുഭവങ്ങളായി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്.



പെയിന്റിംഗ് : ധനരാജ് കീഴറ

ചരിത്രപരമായ ചോദ്യങ്ങൾ തന്നെ നിരവധിയാണ്. ഒരു സമരവും ഒറ്റക്ക് നിൽക്കുന്നില്ല. മുന്നിലും പിന്നിലുമുള്ള നിരവധി സമരങ്ങളുടെ കണ്ണികളിൽ അത് ചേർന്നുനിൽക്കുന്നു. ഇത്തരം അനുസ്യൂതികളെ കണ്ടെത്തുകയും വ്യാഖ്യാനിക്കുകയും സമകാലികമായ ഭാഷ്യങ്ങൾ നിർമ്മിക്കുകയും ചെയ്യുക എന്നത് അനിവാര്യമാണ്. എന്നാൽ അതിദുഷ്കരമായ ഒരു യത്നമാണിത്. ചരിത്രപരമായ ചോദ്യങ്ങളിൽ ഏറ്റവും പ്രധാനം ഏജൻസിയുടേതാണ്. ആരാണ് സമരം ചെയ്യുന്നത് എന്ന ചോദ്യം. ഇതൊരു സൈദ്ധാന്തിക പ്രശ്നമല്ലേ എന്ന് ചിലർക്കെങ്കിലും തോന്നിയേക്കാം. അതിലൊരു സംവാദത്തിന് ഞാൻ ഒരുക്കമാണ്. ഇതൊരു ചരിത്രപരമായ പ്രശ്നമാണ്. സമരങ്ങളുടെ അനുസ്യൂതിയെ വ്യാഖ്യാനിക്കുന്നതിന്റെ പ്രശ്നമാണ്. എന്നാൽ അതു മാത്രമല്ല. ചരിത്രത്തിലെ ഏജൻസി ഉണ്ടാവുന്നതിനെക്കുറിച്ചും അതിന്റെ ധർമ്മങ്ങൾ നിർവ്വഹിക്കുന്നതിനെക്കുറിച്ചുമുള്ള പ്രതീക്ഷകളുടെയും കാഴ്ചപ്പാടുകളുടെയും പ്രശ്നം കൂടിയാണ്. മാർക്സിസത്തിന്റെ ഹിസ്റ്റോറിസിസ്റ്റ് പാരമ്പര്യമാണ് ഇത്തരമൊരു ചോദ്യത്തിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നതെങ്കിലും അത് ഉത്തരം അർഹിക്കുന്ന ഒരു ചോദ്യം തന്നെയാണ്. മുൻകൂറായി ഒരു ചരിത്രദൗത്യവും അത് നിർവ്വഹിക്കാൻ ഒരു ഏജൻസിയെയും കണ്ടുവയ്ക്കുക എന്ന നൂതന മാർഗ്ഗം മാർക്സിസത്തിന്റേതുതന്നെയാണ്. ഹേഗലിന്റെ അമൂർത്ത ആശയംപോലെ സ്വാഭാവിക പരിണാമങ്ങളിലൂടെ സംഭവിയ്ക്കുന്നുവെന്ന് ഒരു വശത്ത് തോന്നലുണ്ടാകുന്നുണ്ടെങ്കിലും ഈ പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന ഒരു കാർമ്മികത്വം വിഭാവനം ചെയ്യുകയും ആ സൈനികകാർമ്മികത്വത്തിൽ - പാർട്ടി മുൻകയ്യിൽ - അതു സംഭവിയ്ക്കുകയും ചെയ്യുന്നു എന്ന വ്യാഖ്യാനം കേവലമായ ഒരു സൈദ്ധാന്തികപ്രശ്നം എന്നതിൽനിന്ന് ഒരു ചരിത്രപരമായ സമസ്യയായി ഈ പ്രതിഭാസത്തെ ഉയർത്തിനിർത്തുന്നു. സിവിൽ സമൂഹസംഘങ്ങളെ സംബന്ധിച്ചിടത്തോളം ഒട്ടേറെ ചരിത്രപരമായ പരിമി

തികളുണ്ട്. അതുകൊണ്ട് തന്നെ മാർക്സിസ്റ്റ് ഹിസ്റ്റോറിസിസത്തിന്റെ ചോദ്യങ്ങൾക്ക് സമഗ്രമായ ഉത്തരം നൽകാൻ കഴിയാതെ പോകുന്നു. പകരം ഈ മാർക്സിസ്റ്റ് ഹിസ്റ്റോറിസത്തിന്റെ പ്രകടമായ ദൗർബല്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന നിഷേധാത്മകമായ ഒരു പ്രത്യാഖ്യാനമാണ് പലപ്പോഴും ഉണ്ടാകുന്നത്. ഇത് ആവശ്യമല്ലെന്നല്ല. ഇതുമാത്രം മതിയോ എന്നതാണ് പ്രശ്നം. സിവിൽ സമൂഹാധിഷ്ഠിതമായ സമരകൂട്ടായ്മകൾ ഏറ്റെടുക്കുന്ന പ്രശ്നങ്ങൾക്ക് ഒരു സവിശേഷതയുണ്ട്. ഭരണകൂടവുമായി പോരടിയ്ക്കുമ്പോഴും ഭരണകൂടത്തെ പിടിച്ചെടുക്കുക എന്ന ദൗത്യം അത്തരം സമരങ്ങൾ ഏറ്റെടുക്കാറില്ല. ചരിത്രപരമായ ഒരു പരിമിതിയായാണ് മാർക്സിസ്റ്റ് ഹിസ്റ്റോറിസിസം ഈ പ്രശ്നത്തെ കാണുന്നത്. എന്നാൽ സിവിൽ സമൂഹം ഉയർന്നുവന്ന ചരിത്രപ്രക്രിയയിലാണ് ഭരണകൂടവുമായുള്ള ഈ സവിശേഷബന്ധത്തിന്റെ രാഷ്ട്രീയം കണ്ടെത്താൻ കഴിയുന്നത്. മാർക്സിസ്റ്റ് ചരിത്രവാദം വിപണിയുടെ അടിമയായി ഭരണകൂടത്തെ മുൻകൂർ നിർവ്വചിക്കുന്നു. ഭരണകൂടവുമായി സന്ധിചെയ്യുമ്പോഴും അതൊരു തന്ത്രപരമായ താൽക്കാലിക നീക്കമാണെന്ന ആശ്വാസനാട്യത്തിന് അവസരമുണ്ട്. കാരണം ഏതോ ഭാവികാലത്തിൽ ഭരണകൂടത്തെ വിപണിയുടെ പിടിയിൽനിന്ന് മോചിപ്പിച്ച് തൊഴിലാളിവർഗ്ഗത്തിന്റേതാക്കേണ്ടതുണ്ട്. വിപണിയെ സംബന്ധിച്ചിടത്തോളം ഈ ഭരണകൂടം അതിന്റേതാണ് എന്ന വിശ്വാസത്തിന് ചരിത്രപരമായ അടിസ്ഥാനമുണ്ട്. കാരണം വിപണിയായിരുന്നു ആദ്യകാലത്ത് സിവിൽ സമൂഹം. ഫ്യൂഡൽ സ്വേച്ഛാധിപത്യ ഭരണകൂടത്തെ എതിർത്ത ബൂർഷ്വാസിയുടെ പ്രത്യയശാസ്ത്രപരമായ ആയുധമായിരുന്നു വിപണി. അത് അങ്ങനെ സ്വാതന്ത്ര്യത്തിന്റെ മണ്ഡലമായി നിലകൊണ്ടു, ഭരണകൂടം ഇടപെടേണ്ടതില്ലാത്ത ഒരു മണ്ഡലം. രാജാവിന്റെ ദിവ്യനിയമങ്ങളേക്കാൾ ശക്തമായ ആഭ്യന്തരനിയമങ്ങളുടെ ഡിമാന്റും സപ്ലൈയും മാത്രം അദൃശ്യകരങ്ങളാൽ നിയന്ത്രിക്കുന്ന സ്വാഭാവിക സ്വതന്ത്രമണ്ഡലം. ഇപ്പോഴും മാർക്കറ്റ് മൗലികവാദത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്നത് ഈ ചരിത്രവസ്തുതയാണ്. ഫ്യൂഡൽ രാജാധികാരത്തോട് പോരാടുന്ന കാലത്ത് ബൂർഷ്വാസി ഈ സിവിൽ സമൂഹത്തെ അംഗീകരിച്ചു. എന്നാൽ ബൂർഷ്വാസിയുടെ ഭരണം വന്നതോടെ വിപണിയും ഭരണകൂടവുമായി അല്ലെങ്കിൽ സിവിൽ സമൂഹവും ഭരണകൂടവുമായി താദാത്മ്യം പ്രാപിയ്ക്കുന്നു. പിന്നീട് സിവിൽ സമൂഹത്തിന്റെ ആവശ്യമില്ല. മാർക്സിസ്റ്റ് ചരിത്രവാദത്തിനും ഈ സമീപനമാണുള്ളത്. ബൂർഷ്വാസിയിൽനിന്ന് ഭരണകൂടം പിടിച്ചെടുക്കുന്നതോടെ ജനാധിപത്യാവകാശങ്ങളുടെ മണ്ഡലമായ സിവിൽസമൂഹം പാർട്ടിയെ സംബന്ധിച്ചിടത്തോളം അപ്രസക്തമാകുന്നു. കാരണം കേന്ദ്രീകൃത ജനാധിപത്യത്തിൽ പരിഹരിയ്ക്കാൻ പറ്റാത്ത പ്രശ്നമൊന്നും സിവിൽസമൂഹത്തിൽ ഉയർത്താനുണ്ടാവില്ല എന്നതുതന്നെ. എന്നാൽ ഭരണകൂടത്തെ ഇത്തരത്തിൽ വർഗ്ഗഭരണകൂടമായി മാത്രം കാണുന്ന ബൂർഷ്വാസിയുടെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും സമീപനം സിവിൽ സമൂഹസംഘങ്ങൾക്ക് സ്വീകരിയ്ക്കാനാവില്ല എന്നതാണ് ഏജൻസിയുടെ പ്രശ്നം. ചരിത്രപരമായ പ്രശ്നമായി മനസ്സിലാക്കപ്പെടേണ്ടതിന്റെ അടിസ്ഥാന കാരണം പിടിച്ചെടുക്കുന്നതിനുവേണ്ടി അല്ലാത്തതും എന്നാൽ ഭരണകൂടത്തെ കൂടുതൽ പ്രാതിനിധ്യസ്വഭാവമുള്ളതാക്കുന്നതുമായ സമരങ്ങളായി സിവിൽ സമൂഹത്തിന്റെ ഓരോ മുന്നേറ്റവും മാറുന്നു അല്ലെങ്കിൽ മാറണം എന്നതാണ് ഇവിടെ അടിവരയിടേണ്ട പ്രധാന വസ്തുത. അതുകൊണ്ടാണ് പ്രാദേശികമോ സാർവ്വലൗകികമോ ആയ പ്രശ്നങ്ങളിൽ ഇടപെടുന്ന ഓരോ സമരവും, ജനാധിപത്യവൽക്കരണമെന്ന ചരിത്രപ്രക്രിയയുടെ ഭാഗമാകുന്നത്. ഭരണകൂടത്തിന്റെ സാമൂഹികമായ പങ്കിൽ ഊന്നിനിന്നുകൊണ്ടുള്ള സമരങ്ങളാണിവ. തന്ത്രപരമായി ഭരണകൂടവുമായി താൽക്കാലികമായുണ്ടാവുന്ന ബന്ധമല്ല, മറിച്ച് ഭരണകൂടത്തെ കൂടുതൽ കൂടുതൽ ജനാധിപത്യവൽക്കരിക്കുന്ന, സമൂഹത്തെ കൂടുതൽ ജനാധിപത്യസ്വഭാവമുള്ളതാക്കുന്ന മുന്നേറ്റങ്ങളാണ് സിവിൽ സമൂഹത്തിന്റെ മേഖലയിൽ പ്രസക്തമാകുന്നത്.

എന്നാൽ ഈ സമീപനത്തിലടങ്ങിയിരിക്കുന്ന പ്രായോഗിക പ്രശ്നങ്ങൾ കണ്ടില്ലെന്ന് നടിക്കാനാവില്ല. സാമൂഹിക പ്രസ്ഥാനങ്ങൾക്ക് മുൻകയ്യുള്ള ഒരു സിവിൽ സമൂഹത്തിനുമാത്രമേ ഇത്തരത്തിൽ ജനാധിപത്യ പ്രക്രിയയെ ത്വരിതപ്പെടുത്താനാവൂ. ഇതിന്റെ സാദ്ധ്യതകൾ കുറേയൊക്കെ ഭരണകൂടം എത്രമാത്രം "വർഗ്ഗ" ഭരണകൂടമായിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഇതൊരു വൈരുദ്ധ്യമല്ല. കാരണം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇതൊരു സൈദ്ധാന്തിക പ്രശ്നമല്ല മറിച്ച് ചരിത്രപരമായ പ്രശ്നമാണ്. പാർട്ടി സർവ്വാധിപത്യത്തിനുകീഴിൽ ഇത്തരം സാമൂഹിക പ്രസ്ഥാനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയാതെ വരും. അപ്പോൾ സിവിൽ സമൂഹം പലപ്പോഴും "സിവിക്" സമൂഹമായി സ്വയം രൂപം മാറേണ്ടിവരും. മുതലാളിത്ത സമ്പദ്‌വ്യവസ്ഥയും ഫാസിസ്റ്റ് ഭരണകൂടവും (പിനോഷേ) മുതലാളിത്ത സമ്പദ്‌വ്യവസ്ഥയും പാർട്ടി സർവ്വാധിപത്യവും (ചൈനം ഉദാഹരണം), പാർട്ടി സർവ്വാധിപത്യവും ആസൂത്രിത സമ്പദ്‌വ്യവസ്ഥയും (പഴയ സോവിയറ്റ് യൂണിയൻ, പോളണ്ട്, റുമേനിയ....) എന്നീ സംവിധാനങ്ങൾ ഇത്തരത്തിൽ സിവിൽ സമൂഹത്തെ അടിച്ചമർത്തുന്നു. സിവിൽ സമൂഹം കേവലം സിവിക് സമൂഹമായി മാറുന്ന സന്ദർഭങ്ങളാണിവ. സിപിഎമ്മിലെ വലതു കമ്മ്യൂണിസ്റ്റുകളുടെയും പിനോഷയുടെയും സാമ്പത്തിക അജണ്ട ''ജനകീയാസൂത്രണ"മാകുന്നത് യാദൃച്ഛികമല്ല എന്നർത്ഥം. വിപണിയോടും ഭരണകൂടത്തോടും ശത്രുതാപരമായ ബന്ധങ്ങൾ ഉണ്ടാവുമ്പോഴും ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി ഈ പ്രശ്നത്തെ കാണുന്നതുപോലെ സിവിൽ സമൂഹസം

ഘങ്ങൾക്കും സാമൂഹിക പ്രസ്ഥാനങ്ങൾക്കും വിപണിയേയും ഭരണകൂടത്തേയും കാണാനാവില്ല എന്നത് സുപ്രധാനമായ ഒരു പ്രായോഗികപ്രശ്നം തന്നെയാണ്. പാർശ്വവൽകൃതരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന സിവിൽ സമൂഹ സംഘങ്ങളെ സംബന്ധിച്ച് അവഗണിക്കാനാവാത്ത ഒരു പ്രായോഗിക രാഷ്ട്രീയ പ്രശ്നമാണിത്. അതുകൊണ്ടുതന്നെ വിജയം/പരാജയം എന്ന ദ്വന്ദ്വമാനചട്ടക്കൂടിൽ നിന്നുകൊണ്ട് ഈ സമരങ്ങളെയും അവയുടെ പ്രത്യാഘാതങ്ങളെയും വിലയിരുത്താനുമാവില്ല. ഉന്നയിക്കുന്ന പ്രശ്നങ്ങളുടെ ചരിത്രപരമായ സാകല്യത്തിനാണ് ഊന്നൽ നൽകേണ്ടത്. ഇവിടെ ഉയർന്നുവരുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രായോഗിക പ്രശ്നങ്ങളിലൊന്ന് സിവിൽ സമൂഹത്തിന്റെ ഘടനയാണ്. ആർക്കും പ്രവേശിക്കാൻ കഴിയും എന്ന് ഇതുകൊണ്ടുതന്നെ ഇതൊരു 'ഇൻക്ലൂസീവ്' ആയ മണ്ഡലമാണ്. അതുകൊണ്ട് സിവിൽ സമൂഹത്തിനുള്ളിലെ ചലനങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കേണ്ടിവരുന്നു. സിവിൽ സമൂഹത്തെ വിപണിയുടെ ഭാഗത്തേക്ക് തിരിക്കാനുള്ള ശ്രമങ്ങൾ അതിന്റെ ഉള്ളിൽ നിന്നുതന്നെ ഉണ്ടാവുന്നു. പ്ലാച്ചിമട പോലുള്ള പ്രശ്നങ്ങളിൽ നമ്മുടെ പ്രധാന എഴുത്തുകാരിൽ ചിലർ എടുത്ത നിലപാടുകളെ ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ വേണം മനസ്സിലാക്കാൻ ശ്രമിക്കേണ്ടത് എന്ന് തോന്നുന്നു. അവരുമായുള്ള ആശയസമരങ്ങൾക്ക് അതുകൊണ്ടുതന്നെ വളരെയേറെ പ്രാധാന്യമുണ്ട്. **ഒരു വശത്ത് സിവിൽ സമൂഹത്തിന്റെ രാഷ്ട്രീയമായ പ്രസക്തി ഭരണകൂടവും വിപണിയുമായുള്ള സവിശേഷ ബന്ധത്തിലൂടെ നിലനിർത്തുക. മറുവശത്ത് സിവിൽ സമൂഹത്തിനുള്ളിലെ വിള്ളലുകളെ ജനാധിപത്യപരമായും ആശയപരമായും മനസ്സിലാക്കുകയും നേരിടുകയും ചെയ്യുകയെന്ന ഇരട്ടദൗത്യമാണ് സിവിൽസമൂഹത്തിലെ സാമൂഹിക പ്രസ്ഥാനങ്ങൾക്ക് ഒരേ സമയം നിർവ്വഹിക്കേണ്ടിവരുന്നത്.** ഇതോടൊപ്പം തന്നെ സിവിൽ സമൂഹത്തിന്റെ ''ഇൻക്ലൂസീവ്'' സ്വഭാവം മൂലം രൂപം മാറിവരുന്ന ഫാസിസ്റ്റ്, സർവ്വാധിപത്യ ഏജൻസികളെ തിരിച്ചറിയുകയും എതിർക്കുകയും ചെയ്യുക എന്നതും പ്രധാനമാണ്. ആർ.എസ്.എസ്. ഒരു സിവിൽ സമൂഹ പ്രസ്ഥാനമാണെന്നത് ഞാൻ എടുത്തുപറയേണ്ട കാര്യമില്ലല്ലോ.

ഇവയോടൊപ്പം ചേർത്തുവായിക്കേണ്ടതും ഇവയോട് ബന്ധപ്പെട്ടുനിൽക്കുന്നതുമായ ഒന്നാണ് സിവിൽ സമൂഹസംഘങ്ങൾ നേരിടുന്ന സൈദ്ധാന്തികമായ വെല്ലുവിളി. വിപണി മൗലികവാദത്തിന്റെ നിയോലിബറൽ ആക്രമണങ്ങൾക്കും മാർക്സിസ്റ്റ് ഹിസ്റ്റോറിസിസ്റ്റ് ആക്രമണങ്ങൾക്കും ഉയർത്താനുള്ള പ്രത്യയശാസ്ത്രപരമായ വെല്ലുവിളികൾക്ക് സിവിൽ സമൂഹസംഘങ്ങൾ വ്യക്തമായ മറുപടി നൽകുന്നുണ്ടോ എന്നത് ഒരു സൈദ്ധാന്തികപ്രശ്നം കൂടിയാണ് എന്നർത്ഥം. വിപണിയും കമ്മ്യൂണിസ്റ്റ് പാർട്ടിയും ഉള്ളതുപോലെ കോംപാക്ട് ആയ ഒരു ഉത്തരം സൈദ്ധാന്തികതലത്തിൽ സിവിൽ സമൂഹ സംഘങ്ങൾക്കുണ്ടോ? ഏജൻസിയുടെയും സിവിൽ സമൂഹത്തിന്റെ ഘടനയുടെയും മുമ്പ് ചർച്ച ചെയ്ത പ്രശ്നങ്ങളുടെ സൈദ്ധാന്തികതലം ഇതാണ്. 'വർഗ്ഗം' എന്നത് ഒരു സൈദ്ധാന്തിക ഗണമാണ്. സൈദ്ധാന്തികഗണങ്ങളും അനുഭവൈക ഗണങ്ങളും തമ്മിൽ ആഴത്തിലുള്ള വ്യത്യാസങ്ങളുണ്ട്. സിവിൽ സമൂഹ സംഘങ്ങൾ പകരം വയ്ക്കുന്ന 'പാർശ്വവൽകൃതർ' എന്നത് ഒരു അനുഭവൈകഗണമാണ്. സൈദ്ധാന്തികഗണമല്ല. അതിന് വർഗ്ഗം എന്ന സംജ്ഞയുടെ അമൂർത്തതയില്ല. ഒരു സൈദ്ധാന്തികഗണത്തെ അനുഭവൈകഗണംകൊണ്ട് പകരം വയ്ക്കുകയോ നേരിടുകയോ ചെയ്യുമ്പോഴുണ്ടാകുന്ന ദൗർബല്യമാണ് "വർഗ്ഗ" സമരസിദ്ധാന്തത്തെ "കീഴാളർ" "പാർശ്വവൽകൃതർ" തുടങ്ങിയ അനുഭവൈക ഗണങ്ങൾകൊണ്ട് നേരിടുമ്പോൾ സിവിൽ സമൂഹസംഘങ്ങൾക്ക് സംഭവിയ്ക്കുന്നത്. ഉദാഹരണത്തിന് 'ഉൽപാദനരീതി' എന്നത് ഒരു സൈദ്ധാന്തിക ഗണമാണ്. അതിനൊരു ഘടനയുണ്ട്. ഉൽപാദനശക്തിയുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ടാണ് 'ഉൽപാദനരീതി'യുടെ സ്വഭാവം, രൂപം എന്നിവയൊക്കെ നിർവ്വചിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധതരം ഉല്പാദനരീതികൾ ചരിത്രത്തിലുണ്ടാവും എന്ന് കണ്ടെത്താനാവും. ഇത്തരത്തിൽ കണ്ടെത്തുന്ന ഉൽപാദനരീതികൾ - ഫ്യൂഡലിസം, മുതലാളിത്തം തുടങ്ങിയവ അനുഭവൈക ഗണങ്ങളാണ്. ഉൽപാദനരീതി എന്ന സൈദ്ധാന്തികഗണം ഉപയോഗിച്ച് നിർമ്മിക്കാവുന്ന അനുഭവൈകഗണങ്ങൾ. അതായത് ഉൽപാദനരീതി എന്ന സൈദ്ധാന്തിക ഗണം ഉപയോഗിച്ച് ഒരു ചരിത്രഘട്ടത്തെ നിർവ്വചിക്കുന്നതാണ് മുതലാളിത്ത ഉൽപാദനരീതി എന്നർത്ഥം. "വർഗ്ഗ"വും ഇതുപോലെ ഒരു സൈദ്ധാന്തികഗണമാണ്. തൊഴിലാളിവർഗ്ഗവും മുതലാളിവർഗ്ഗവും ഇല്ലാത്ത ഉല്പാദനരീതികളുണ്ടാവും എന്ന് പറയാൻ കഴിയുന്നത് ഇതിന്റെ സൈദ്ധാന്തികസ്വഭാവം കൊണ്ടാണ്. "മൂലധനം" എന്നത് ഒരു സാമൂഹികബന്ധമായതിനാൽ മുതലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും 'വർഗ്ഗ'ങ്ങളായി നിർവ്വചിക്കപ്പെടുന്നത് 'വർഗ്ഗ'ത്തിന് ഒരു സൈദ്ധാന്തികഘടന ഉള്ളതുകൊണ്ടാണ്. "ഫ്രാൻസിലെ വർഗ്ഗസമരങ്ങൾ" എന്ന് പറയുമ്പോൾ മാർക്സും ഏംഗൽസും അർത്ഥമാക്കുന്നത് 'വർഗ്ഗം' എന്ന സൈദ്ധാന്തിക ഗണത്തിന്റെ ഉപയോഗസാദ്ധ്യതകളാണ്. ഓരോ ഉല്പാദനരീതിയിലും വർഗ്ഗങ്ങളുണ്ട്, സമരങ്ങളുണ്ട്. എന്നാൽ ഇത്തരമൊരു സൈദ്ധാന്തിക സമീപനമല്ല സിവിൽ സമൂഹസംഘങ്ങൾക്കുള്ളത് എന്ന വിമർശനം പലപ്പോഴും സാമൂഹിക പ്രസ്ഥാനങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. 'പാർശ്വവൽകൃതർ' എന്നത് ഘടനാപരമായി നിർവ്വചിക്കപ്പെടുന്നതല്ല. 'കീഴാളർ' എന്നതും ഘടനാപരമായി നിർവ്വചിക്കപ്പെടുന്ന പരികല്പനയല്ല. 'വർഗ്ഗ'ത്തിന് ഇവയെ പകരം വച്ചുകൊണ്ട് ഉത്തരം കണ്ടെത്താനുള്ള ശ്രമങ്ങൾ

വിജയം കാണാതെ പോകുന്നത് അടിസ്ഥാനപരമായ ഈ വ്യത്യാസത്തെ അവഗണിയ്ക്കുന്നതുകൊണ്ടാണ്. ഈ പ്രശ്നത്തിനുള്ള ഉത്തരം സൈദ്ധാന്തികമായി വിശദീകരിക്കുന്നതെങ്ങനെ എന്നത് സങ്കീർണ്ണമായ ഒരു ചോദ്യമാണ്. സിവിൽ സമൂഹ സംഘങ്ങൾ വർഗ്ഗസമരത്തെ എതിർക്കുന്നു എന്നുപറയുമ്പോൾ സാമൂഹിക പ്രസ്ഥാനങ്ങളുടെ സൈദ്ധാന്തികർ പലപ്പോഴും യോജിക്കാറില്ല. വർഗ്ഗസമരത്തിന് പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ സമൂഹത്തിലുണ്ട് എന്ന ഉത്തരം നൽകി രക്ഷപ്പെടാനാണ് അവർ ശ്രമിക്കാറുള്ളത്. എന്നാൽ ഇത് സമ്പൂർണ്ണമായ ഒരു ഉത്തരമാണെന്ന് തോന്നുന്നില്ല. യാഥാർത്ഥ്യം, സാമൂഹികപ്രസ്ഥാനങ്ങൾക്ക് വർഗ്ഗസമരത്തിന്റെ ആത്യന്തിക ലക്ഷ്യവുമായി വൈരുദ്ധ്യമുണ്ട് എന്നതുതന്നെയാണ്. വർഗ്ഗസമരം സിവിൽസമൂഹത്തെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്ന ഒരു സാമൂഹികപ്രക്രിയയാണ്. അത് ബൂർഷ്വാസിയുടെ നേതൃത്വത്തിലായാലും തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലായാലും രണ്ടിന്റെയും ആത്യന്തികഫലം ജനാധിപത്യത്തിന്റെ പരാജയമാണ്. വിപണിയുടെയോ പാർട്ടിയുടെയോ സർവ്വാധിപത്യമാണ്. ഈ സർവ്വാധിപത്യങ്ങൾക്കെതിരാണ് എന്നതാണ് "വർഗ്ഗ"ത്തോടും "വർഗ്ഗസമര"ത്തോടുമുള്ള സാമൂഹിക പ്രസ്ഥാനങ്ങളുടെ എതിർപ്പിന്റെ സൈദ്ധാന്തികതലം. രാഷ്ട്രീയ സമൂഹത്തോട് സിവിൽ സമൂഹം പുലർത്തുന്ന ബന്ധത്തിന്റെ ഒരു സവിശേഷതയാണിത്. "ഏജൻസി"യെക്കുറിച്ചുള്ള അമിതമായ ഉൽക്കണ്ഠകളുള്ള ഒരു രാഷ്ട്രീയത്തിന് ജനാധിപത്യത്തെ സംരക്ഷിക്കാനും അതിന്റെ ആഴങ്ങൾ വർദ്ധിപ്പിക്കാനും കഴിയില്ല എന്നതാണ് "വർഗ്ഗ" രാഷ്ട്രീയത്തോടുള്ള എതിർപ്പിന്റെ സൈദ്ധാന്തിക തലം. ഇതിനർത്ഥം ആഗോളവൽക്കരണത്തിനെതിരെയുള്ളതോ, ഭരണകൂടത്തിനെതിരെയുള്ളതോ ആയ സമരങ്ങളിൽ സിവിൽ സമൂഹസംഘങ്ങൾ വിശാലമായ രാഷ്ട്രീയ ഐക്യത്തിന്റെ സാദ്ധ്യതകൾ ആരായേണ്ടതില്ലെന്നല്ല. മറിച്ച് വർഗ്ഗസമരത്തിന്റെ യുക്തിക്ക് കീഴ്പ്പെട്ടു നിൽക്കുന്ന രാഷ്ട്രീയം സിവിൽ സമൂഹസംഘങ്ങളുടെ ചരിത്രദൗത്യത്തിനെതിരാണ് എന്നതാണ്. ഇതു മനസ്സിലാക്കാതെ സിവിൽ സമൂഹസംഘങ്ങളുടെ രാഷ്ട്രീയത്തെ വിമർശിക്കാൻ ഒരുങ്ങുന്ന മാർക്സിസ്റ്റ് സമീപനം വരട്ടുവാദപരവും, അയുക്തികവുമായ ഉപരിപ്ലവ നിരീക്ഷണങ്ങളുടെ പട്ടിക നിരത്തുന്നതിൽ ചെന്നവസാനിക്കുകയേയുള്ളൂ. ഇതിനേറ്റവും നല്ല ഉദാഹരണമാണ് ഈ അടുത്തകാലത്ത് പ്രൊഫ. പ്രഭാത് പട്നായിക് ദേശാഭിമാനിയിൽ 'നയവചനം' എന്ന തന്റെ ദ്വൈവാര പംക്തിയിൽ എഴുതിയ 'വർഗ്ഗസമരവും പാർശ്വവൽകൃതരും' എന്ന ലേഖനം (ഡിസംബർ 8, 2006)

മൂന്ന് വാദങ്ങളാണ് പ്രഭാത് പട്നായിക് പ്രധാനമായും ഉന്നയിക്കുന്നത്. (ഒന്ന്) തൊഴിലാളിവർഗ്ഗത്തിന്റെ വർഗ്ഗസമരം പാർശ്വവൽകൃത സമൂഹങ്ങൾക്ക് പ്രസക്തമല്ലെന്ന ഒരു കപട ഇടതുപക്ഷവാദം നിലവിലുണ്ട്. പാർശ്വവൽകൃതരുടെയും തൊഴിലാളികളുടെയും താല്പര്യങ്ങൾ പരസ്പരവിരുദ്ധമാണെന്നാണ് ഈ കപട ഇടതുപക്ഷം വാദിച്ചുവന്നിട്ടുള്ളത്. (രണ്ട്) സമീപകാല സംഭവവികാസങ്ങൾ ഈ വാദം അടിസ്ഥാനമില്ലാത്തതാണെന്ന് തെളിയിച്ചിരിക്കുന്നു. ആഗോളവൽക്കരണം തൊഴിലാളിവർഗ്ഗത്തെയും പാർശ്വവൽകൃതരെയും ഒരുപോലെ ബാധിക്കുന്നു. അതുകൊണ്ട് "ഇന്ത്യയിലെ തൊഴിലാളിവർഗ്ഗം പ്രത്യേക അവകാശങ്ങൾ വച്ചുപുലർത്തുന്നുവെന്നും ഇവരുടെ താല്പര്യങ്ങൾ പാർശ്വവൽകൃത സമൂഹങ്ങൾക്ക് എതിരാണെന്നും സ്വബോധത്തോടെ ഇന്നാർക്കും പറയാനാവില്ല" (മൂന്ന്) തൊഴിലാളിവർഗ്ഗത്തിന് തിരിച്ചടി നേരിടുമ്പോൾ പാർശ്വവൽകൃതരും തിരിച്ചടി നേരിടുന്നു എന്നതിനാൽ തൊഴിലാളിവർഗ്ഗത്തിന്റെ സമരങ്ങളും പാർശ്വവൽകൃതരുടെ സമരങ്ങളും "സദൃശങ്ങളല്ലെങ്കിലും സംയോജിക്കുന്നവയാണ്"

ചരിത്രത്തിൽ വർഗ്ഗസമരത്തിന്റെ പങ്കിനെക്കുറിച്ചുള്ള അമിതപ്രതീക്ഷകളാണ് പട്നായിക്കിന്റെ നിഗമനങ്ങളുടെ അടിസ്ഥാന പരിസരം. അതുതന്നെയും പൂർണ്ണമായും സാമ്പത്തിക സമരങ്ങളുടെ പശ്ചാത്തലത്തിൽ മാത്രമേ അദ്ദേഹം മനസ്സിലാക്കുന്നുള്ളൂ. ആഗോളവൽക്കരണം സൃഷ്ടിച്ച വിപത്തുകളുടെ പട്ടികയിൽ തൊഴിലാളികളുടെ വേതനനിരക്ക് കുറയുന്നതും അവരുടെ അവകാശങ്ങൾ കവർന്നെടുക്കപ്പെടുന്നതും മാത്രമേ പ്രസ്താവയോഗ്യമായി അദ്ദേഹത്തിന് തോന്നുന്നുള്ളൂ. പാർശ്വവൽകൃതരുടെ രാഷ്ട്രീയം സ്വത്വത്തിന്റേതുകൂടിയാണെന്ന് വർഗ്ഗസമരവും സ്വത്വസമരങ്ങളും തമ്മിൽ പൊരുത്തക്കേടുകളുണ്ടാവുന്നതിന്റെ അടിസ്ഥാനം ഈ വ്യത്യസ്ഥതയാണെന്നും അദ്ദേഹം മനസ്സിലാക്കുന്നില്ല. 'ഏജൻസി'യെക്കുറിച്ചുള്ള അമിതമായ ആകാംക്ഷകൾ വച്ചുപുലർത്തുന്ന ഒരു വരട്ട് മാർക്സിസ്റ്റിന് സംഭവിയ്ക്കാവുന്ന സ്വാഭാവിക സൈദ്ധാന്തിക ദുരന്തമാണ് പട്നായിക്കിനും സംഭവിക്കുന്നത്.

**തൊഴിലാളിവർഗ്ഗത്തിന്റെയും പാർശ്വവൽകൃതരുടെയും താല്പര്യങ്ങൾ പരസ്പരവിരുദ്ധമാകുന്ന സന്ദർഭങ്ങൾ ചരിത്രത്തിലുണ്ടാവുന്നുണ്ട്. ഇതിനുത്തരവാദികൾ പാർശ്വവൽകൃതരല്ല. മറിച്ച് അവസരവാദപരമായി നിലപാടുകൾ കൈക്കൊള്ളുന്ന തൊഴിലാളിവർഗ്ഗനേതൃത്വമാണ്.** പെറ്റിബൂർഷ്വാസി മുതലാളിത്തത്തിലെ വൈരുദ്ധ്യങ്ങൾ മൂർച്ഛിയ്ക്കുമ്പോൾ കൂട്ടമായി തൊഴിലാളിവർഗ്ഗമായി മാറേണ്ടിവരുമെന്നും, പാർശ്വവൽകൃതർ 'പ്രമോഷൻ'കിട്ടി തൊഴിലാളിവർഗ്ഗമാകുമെന്നും അങ്ങനെ സമൂഹത്തിൽ 'പ്രോലിട്ടേറിയനൈസേഷൻ' വ്യാപകമാകുമെന്നും വിശ്വസിക്കുന്ന പാഠപുസ്തക മാർക്സിസത്തിന്റെ അപ്രമാദിത്വത്തിൽ വിശ്വസിക്കുന്ന ഒരാൾക്കേ 'പാർശ്വവൽകൃത സമൂഹങ്ങൾ തൊഴിൽസേനയിലേക്ക് വരുന്നത്" ആഗോളവൽക്കരണം തടയുന്നുവെന്നും അതാണ് ഇരുകൂട്ടരും

തമ്മിലുള്ള സമരൈക്യത്തിന്റെ അടിസ്ഥാനമെന്നും വാദിയ്ക്കാനാവൂ.

എന്നാൽ ഇവിടെ പ്രഭാത്പട്നായിക് പൂർണ്ണമായും വിസ്മരിക്കുന്ന വസ്തുത, തൊഴിലാളിവർഗ്ഗവും പാർശ്വവൽകൃതരും തമ്മിൽ മാത്രമല്ല, വികസിത മുതലാളിത്ത രാഷ്ട്രങ്ങളിലെ തൊഴിലാളിവർഗ്ഗത്തിന്റെയും അവികസിത പ്രദേശങ്ങളിലെ തൊഴിലാളികളുടെയും താല്പര്യങ്ങളും വ്യത്യസ്തമായിരിക്കുന്നു എന്നതാണ്. ഐ. ടി. മേഖലയിലെ ഔട്ട്സോർസിംഗുമായി ബന്ധപ്പെട്ടുണ്ടായ വിവാദങ്ങളിൽ യൂറോ-അമേരിക്കൻ തൊഴിലാളി യൂണിയനുകൾ കൈക്കൊണ്ട നിലപാടുകൾ മാത്രം നോക്കിയാൽ മതി ഈ വസ്തുത മനസ്സിലാക്കാൻ. വികസ്വര രാഷ്ട്രങ്ങളിലാവട്ടെ, തൊഴിലാളികളും പാർശ്വവൽകൃതരും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുകയാണ്. പ്ലാച്ചിമടസമരത്തിൽ തൊഴിലാളിയൂണിയനുകളും ആദിവാസി വിഭാഗങ്ങളും കൈക്കൊണ്ടിട്ടുള്ള നിലപാടുകൾ നോക്കിയാൽ ഈ യാഥാർത്ഥ്യം ബോദ്ധ്യപ്പെടും.

ഇവിടെ എടുത്തു പറയേണ്ട കാര്യം ഈ വൈരുദ്ധ്യങ്ങളുടെയും വ്യത്യസ്തതകളുടെയും പ്രശ്നങ്ങൾ പട്നായിക് കരുതുന്നതുപോലെ പ്രായോഗിക രാഷ്ട്രീയത്തിന്റേതു മാത്രമല്ല എന്നതാണ്. **മുതലാളിത്തത്തിന്റെ തലതിരിഞ്ഞ പ്രതിബിംബമായി സമ്പദ്‌വ്യവസ്ഥയെയാണ് മാർക്സിസത്തിന്റെയും കമ്മ്യൂണിസ്റ്റു പാർട്ടികളുടെയും രീതിശാസ്ത്രമാണ്, സിവിൽ സമൂഹത്തെ സംബന്ധിച്ചിടത്തോളം ചർച്ച ചെയ്യേണ്ട കാതലായ പ്രശ്നം.** മുതലാളിത്ത ഉല്പാദന വ്യവസ്ഥയിൽ, വിപണി ഭരണകൂടമാവുകയും സ്വതന്ത്രവും സ്വാച്ഛന്ദ്യമുള്ളതുമായ ഒരു ഭരണകൂടം അപ്രസക്തമാവുകയും ചെയ്യുന്നു. തൊഴിലാളിവർഗ്ഗം ഭരണകൂടം പിടിച്ചെടുക്കുന്നതോടെ 'വിപണി' അപ്രസക്തമാവുകയും ഭരണകൂടം തന്നെ 'ആസൂത്രണ'ത്തിലൂടെ വിപണിയുടെ പങ്ക് നിർവ്വഹിക്കുകയും ചെയ്യുന്നു. ഈ രണ്ട് സമീപനത്തിലും 'ഇതര'സമൂഹങ്ങൾക്ക് - വർഗ്ഗേതര സമൂഹങ്ങൾക്ക് സ്വതന്ത്രമായ നിലപാടുണ്ടാവാമെന്നുള്ള യാഥാർത്ഥ്യത്തെ അംഗീകരിക്കാനുള്ള വിസമ്മതമാണ് മുന്നിട്ടുനിൽക്കുന്നത്. സ്വതന്ത്ര വിപണിയുടെ സമ്പദ്‌വ്യവസ്ഥയും സമഗ്രാധിപത്യ ആസൂത്രിത സമ്പദ്‌വ്യവസ്ഥയും പാർശ്വവൽകൃതരെ പട്നായിക് കാണുന്നതുപോലെ സ്വന്തം വർഗ്ഗതാല്പര്യത്തിന്റെ അനുബന്ധമായാണ് കാണുന്നത്. അവരുടെ ചരിത്രത്തിലെ സ്വതന്ത്രാസ്തിത്വം അംഗീകരിച്ചുകൊടുക്കാൻ ഇരുകൂട്ടരും തയ്യാറല്ല. ഒരേസമയം ബഹുരാഷ്ട്ര കമ്പനികളോടും സമഗ്രാധിപത്യ ഭരണകൂടങ്ങളോടും സിവിൽ സമൂഹത്തിന് ശത്രുതയുണ്ടാവുന്നതിന്റെ രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം ഈ അടിസ്ഥാനപരമായ വിയോജിപ്പാണ്.

പ്ലാച്ചിമട സമരത്തിന്റെ പരിണാമം പരിശോധിച്ചാൽ വ്യക്തമാകുന്ന ഒരു വസ്തുതയുണ്ട്. അത് വിജയമോ പരാജയമോ അല്ല. പാർശ്വവൽകൃതരുടെ ഒരു സമരാനുഭവം മാത്രമാണ്. ഈ സമരാനുഭവത്തിന്റെ സവിസേഷത ഇടക്കാലത്ത് ആ സമരത്തിനു ലഭിച്ച പ്രാധാന്യമാണ്. ഈ പ്രാധാന്യം എങ്ങനെയുണ്ടായി? പ്ലാച്ചിമട സമരസമിതിയുടെ 2002-ലെ പ്രവർത്തന റിപ്പോർട്ടിൽ നിന്ന് വ്യക്തമാകുന്നത് സമരത്തെ പ്രമുഖ രാഷ്ട്രീയ പാർട്ടികൾ - സിപിഎം. ബിജെപി, സിപിഐ, ജനതാദൾ തുടങ്ങിയവർ - ഈ സമരത്തെ ആദ്യകാലത്ത് തുറന്നെതിർത്തിരുന്നു എന്നാണ്. ഫാക്ടറിയിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടും എന്നായിരുന്നു ഇതിനു പറഞ്ഞ കാരണം. അതായത് പാർശ്വവൽകൃതരുടെയും തൊഴിലാളിവർഗ്ഗത്തിന്റെയും താല്പര്യങ്ങൾക്കിടയിൽ സംഘർഷമുണ്ടാകുമ്പോൾ പിൻവാങ്ങേണ്ടത് പാർശ്വവൽകൃതരാണെന്ന രാഷ്ട്രീയധാരണയായിരുന്നു ഇവർക്കുണ്ടായിരുന്നത് എന്നർത്ഥം. എന്നാൽ **കേരളത്തിൽ ഒരു യുഡിഎഫ് ഗവൺമെന്റ് അധികാരത്തിൽ വന്നതോടെ ഇടതുപക്ഷ സംഘടനകൾ ഈ സമരത്തിലേക്ക് നുഴഞ്ഞുകയറുകയും സമരത്തിന്റെ നേതൃത്വം തന്നെ പിടിച്ചെടുക്കുകയും ചെയ്തു. പാർശ്വവൽകൃതരുടെ സമരം ഉയർത്തിയ നൈതിക ഭൗതിക സമസ്യകൾ പിന്തള്ളിക്കൊണ്ട് കോളാ ഫാക്ടറിയെ പ്രതീകമാക്കി, സ്വന്തം അജണ്ടകളുടെ അടിയിലേക്ക് പ്ലാച്ചിമട സമരം എഴുതി ചേർക്കുകയുമാണ് ഇടതുപക്ഷം ചെയ്തത്. ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നതോടെ പ്ലാച്ചിമട സമരത്തിൽനിന്ന് അവർ പിൻവാങ്ങുകയും ചെയ്തു.** ഇതിന്റെ രാഷ്ട്രീയ മാനിപ്പുലേഷൻ സിവിൽ സമൂഹത്തിന്റെ സമരസംഘങ്ങളെ അമ്പരിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ അമ്പരക്കാനോ അത്ഭുതപ്പെടാനോ ഒന്നുമില്ല. ഏതു നൈതിക-ഭൗതിക പ്രശ്നങ്ങളാണോ ഈ സമരത്തിന്റെ സാംസ്കാരിക രാഷ്ട്രീയത്തെ രൂപപ്പെടുത്തിയത്, ആ രാഷ്ട്രീയത്തിലേക്ക് തിരിച്ചുപോവുക എന്നതാണ് സിവിൽ സമൂഹ സംഘങ്ങൾക്ക് ഇനി ചെയ്യുവാനുള്ളത്. അതുകൊണ്ടുതന്നെ പ്ലാച്ചിമട സമരം അവസാനിച്ചിട്ടില്ല എന്ന യാഥാർത്ഥ്യം ഉയർത്തിക്കാട്ടേണ്ടതുണ്ട്. പ്ലാച്ചിമട സമരം വിജയിച്ചു എന്നത് അതിൽനിന്ന് പിന്മാറുന്നവരുടെ തന്ത്രപരമായ മുദ്രാവാക്യമാണ്.

Assistant Professor, National University of Singapore , Singapore-117570, e-mail : sreekumar@nus.edu.sg

kriya
designing communication
CORPORATE OFFICE
Sree Krishna Complex, Shoranur Road, THRISSUR-22
TEL. : 0487 2336787, 2336788. KOCHI 0484 3236585
Kriya an act of creation